## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1080 · 30/10/2019 -ലെ മറുപടിക്ക്.

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

ചോദ്യം

**ശ്രീ.പി.ടി. തോമസ് :**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**

**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പതിനാറ് ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിവിധ ബോർഡുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി വരികയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതു വഴി രജിസ്ട്രേഷൻ, അംശദായം, ആനുകൂല്യ വിതരണം എന്നിവ സുതാര്യമാക്കുവാനും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിനും സാധിക്കും. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇൻറർഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ് വെയർ മുഖേന ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. പെൻഷൻ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. തൊഴിലാളികൾക്കും തൊഴിലുടമകൾക്കും അംശദായം അടയ്ക്കുന്നതിനായി ഓൺലൈൻ പേയ് മെന്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | അവലോകന യോഗങ്ങൾ ചേരുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യിട്ടുണ്ട്. |
| (ബി) | തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ , എങ്കിൽ ആനുകൂല്യങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും വിതരണം ചെയ്യുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്, | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ഷേമനിധി ബോർഡുകളിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ സമബന്ധിതമായും കാര്യക്ഷമമായും വിതരണം ചെയ്തു വരുന്നു. |
| (സി) | സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകൾ ഏകീകരിക്കുന്ന കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഇതിനകം എത്ര കമ്മീഷനുകളെയാണ് നിയോഗിച്ചിട്ടുള്ളത്, | (സി) | തൊഴിൽ വകുപ്പിനു കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ ഏകീകരണവുമായി ബന്ധപ്പെട്ട് വിവിധ തലത്തിലുള്ള ചർച്ചകൾ നടത്തി മുൻ ലേബർ കമ്മീഷണർമാരായ ശ്രീ.എസ്. ശ്രീനിവാസൻ, ശ്രീ.പി.ജി.തോമസ് എന്നിവർ അദ്ധ്യക്ഷരായ സമിതികൾ സർക്കാരിലേയ്ക്ക് ശുപാർശകൾ നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കമ്മീഷനുകൾ ശിപാർശ ചെയ്തിട്ടും ബോർഡുകൾ ഏകീകരിക്കുന്നതിനും അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കാത്തത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ? | (സി) | സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകൾ ഏകീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ